(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) 2010 ജൂൺ മാസത്തിൽ നിലവിൽ വന്ന തൃശ്ശൂർ ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനിയും നിയമനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-3-2015-ൽ നിലവിലുള്ളതും 29-9-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി സർക്കാർ ശിപാർശ പ്രകാരം ചില വ്യവസ്ഥകൾക്കു വിധേയമായി പി.എസ്.സി. 30-9-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി&സി) ഇത്തരം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 16-12-2014-ന് നാലര വർഷം പൂർത്തിയായി കാലാവധി അവസാനിച്ചു.

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും 399 പേർക്ക് നിയമന ശിപാർശ നൽകിയിരുന്നു. റദ്ദായ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നൽകുവാൻ നിർവ്വാഹമില്ല.

ഒഴിവ് വന്ന തസ്തികകൾ

32(5613) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2015 ഏപ്രിൽ, മേയ് മാസങ്ങളിലായി ഒഴിവുവന്ന എത്ര തസ്തികകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; എത്ര തസ്തികകളിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

2015 ഏപ്രിൽ, മേയ് മാസങ്ങളിലായി വിവിധ വകുപ്പുകൾ 250-ഓളം തസ്തികകളിലെ 2959 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. പ്രസ്തുത കാലയളവിൽ 160-ഓളം തസ്തികകളിലായി 3015 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly